**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1364** **12-02-2025 - ൽ മറുപടിയ്ക്ക്**

**പാഠ പുസ്തക പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസത്തെ കാലോചിതമായി നവീകരിക്കുന്നതിനും ഏറ്റവും പുതിയ വിവരങ്ങൾ പഠന വിധേയമാക്കുന്നതും ലക്ഷ്യമിട്ട് പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയെന്ത്; വിശദമാക്കുമോ; | (എ) | 1. 3, 5, 7, 9 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ 2024 -25 അധ്യയന വർഷം പരിഷ്കരിച്ച് വിതരണം ചെയ്തിട്ടുണ്ട്. 2, 4, 6, 8, 10 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ 2025-26 അധ്യയന വർഷം ക്ലാസ് മുറികളിൽ വിനിമയം ചെയ്യുന്നതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയായി. ഒന്നാം ഭാഗം പാഠപുസ്തകങ്ങൾ കരിക്കുലം കമ്മിറ്റി അംഗീകരിച്ച് പ്രിന്റിങ് നടന്നുവരുന്നു. |
| (ബി) | പരിഷ്കരിച്ച പാഠപുസ്തകങ്ങൾ ക്ലാസ് മുറിയിലെ അനുഭവങ്ങളുടെ വെളിച്ചത്തിൽ വീണ്ടും പരിഷ്കരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദീകരിക്കുമോ; | (ബി) | കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 ഓരോ വർഷവും പാഠപുസ്തകങ്ങളിൽ കാലികമായ മാറ്റങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 1, 3, 5, 7, 9 ക്ലാസുകളിലെ പാഠപുസ്തകങ്ങളുടെ വിനിമയം സംബന്ധിച്ച് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി പഠനം നടത്തുകയുണ്ടായി. പഠനത്തിന്റെ അടിസ്ഥാനത്തിൽ ഒന്നാം ക്ലാസിലെ ഉദ്ഗ്രഥനം, ഗണിതം പാഠപുസ്തകങ്ങൾ വരുന്ന അധ്യയന വർഷം വേണ്ട മാറ്റങ്ങൾ വരുത്തിയാണ് വിനിമയം ചെയ്യുന്നത്. പാഠപുസ്തകങ്ങൾ സംബന്ധിച്ച് അധ്യാപകർ ചൂണ്ടിക്കാട്ടിയ പോരായ്മകൾ പരിഹരിച്ചു കൊണ്ടാണ് അടുത്ത അധ്യയന വർഷം 1, 3, 5, 7, 9 ക്ലാസിലെ എല്ലാ പാഠപുസ്തകങ്ങളും പ്രസിദ്ധീകരിക്കുന്നത്. |
| (സി) | 2024-25 അധ്യയന വർഷത്തെ പരിഷ്കരിച്ച പാഠ പുസ്തകങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടോ; 2025-26-അധ്യയന വർഷത്തെ പരിഷ്കരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പാഠ പുസ്തകങ്ങൾ ഏതു മാസം വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (സി) | കഴിഞ്ഞ അധ്യയന വർഷം പാഠപുസ്തകങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി വിതരണം ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ട്. 2025-26 അധ്യായന വർഷവും സ്കൂൾ തുറക്കുന്നതിന് മുമ്പ് എല്ലാ കുട്ടികൾക്കും പാഠപുസ്തകം എത്തിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. 2025 ഏപ്രിൽ മാസത്തോടുകൂടി 1, 3, 5, 7, 9 ക്ലാസുകളിലെ പുസ്തകങ്ങളും മേയ് മാസത്തോടുകൂടി 2, |

| | | | |
|---|---|---|---|
| | | | 4, 6, 8, 10 ക്ലാസുകളിലെ പുതിയ പുസ്തകങ്ങളും വിദ്യാലയങ്ങളിൽ എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ